"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയിൽ ലൈഫ് മിഷൻ നിർമിച്ച് പുനലൂർ മുൻസിപ്പാലിറ്റിക്ക് കൈമാറിയ പുനലൂർ ഭവന സമുച്ചയത്തിന്റെ സംരക്ഷണ ഭിത്തി ലൈഫ് മിഷൻ മുഖേന നിർമ്മിച്ച് നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.2204/2024/LSGD തീയതി,തിരുവനന്തപുരം, 14-11-2024

---

പരാമർശം:- 1. സ.ഉ (കൈ) നം. 91/2019/ത.സ്വ.ഭ.വ തീയതി 16.01.2019

2. സ.ഉ(കൈ) നം.1453/2019/ തസ്വഭവ തീയതി 11.07.2019

3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷന്റെ 18/10/2024 ലെ എൽ. എം/ഇ ഡബ്ല്യൂ2/പൈലറ്റ്/എപിറ്റി/കൊല്ലം/2018-19 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയിൽ 44 ലൈഫ് ഗുണഭോക്താക്കൾക്കുവേണ്ടി പരാമർശം 2 പ്രകാരം ഭരണാനുമതി നൽകിയ ഭവനസമുച്ചയം നിർമ്മാണം പൂർത്തിയാക്കി 14/05/2023 ൽ പുനലൂർ മുൻസിപ്പാലിറ്റിക്ക് കൈമാറിയിരുന്നു.

പുനലൂർ ഭവനസമുച്ചയത്തിന്റെ കോമ്പൗണ്ടിനോട് ചേർന്നുള്ള സ്വകാര്യ ഭൂമി ഏകദേശം 25 അടി ഉയരത്തിലായതിനാൽ, ടി കുന്നിൽ നിന്നും മണ്ണ് ഇടിയാനും അതുവഴി കെട്ടിടത്തിന് വൻ നാശനഷ്ടം ഉണ്ടാകാനും സാധ്യതയുണ്ട്. പരാമർശം 1 മാർഗ്ഗരേഖ അനുസരിച്ച് ഭവനസമുച്ചയങ്ങളുടെ സുരക്ഷ, തുടർപരിപാലനം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമാണെങ്കിലും, പുനലൂർ മുനിസിപ്പാലിറ്റിയുടെ ഫണ്ടിന്റെ അപര്യാപ്തതമൂലം ഇത് നടപ്പിലാക്കാൻ സാധിക്കുകയില്ലെന്നും, പുനലൂർ ഭവന സമുച്ചയം മണ്ണിടിച്ചിലിൽ നിന്നും സംരക്ഷിക്കുന്നതിന് 7.2 മീറ്റർ ഉയരത്തിൽ 45 മീറ്റർ നീളത്തിൽ ഒരു സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി ആവശ്യമായ ഒരു കോടി ഇരുപത് ലക്ഷം രൂപ അനുവദിക്കണമെന്നും പരാമർശം 3 പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനലൂർ ഭവനസമുച്ചയത്തിലെ താമസക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി Retaining wall നിർമ്മിക്കുന്നതിനുള്ള തുക പുനലൂർ മുനിസിപ്പാലിറ്റിക്ക് കണ്ടെത്താൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത്, ഇതൊരു പ്രത്യേക കേസായി പരിഗണിച്ചു കൊണ്ട്, പുനലൂർ ലൈഫ് ഭവനസമുച്ചയത്തിന്റെ അതിരിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് 1,20,00,000 രൂപ (ഒരു കോടി ഇരുപത് ലക്ഷം രൂപ മാത്രം ) 4217-60-051-95 അർബൻ (പി) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, പുനലൂർ നഗരസഭ, കൊല്ലം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 14-11-2024 14:21:38
സെക്ഷൻ ഓഫീസർ